"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവേ നമ്പർ 48/13-ൽ ഉൾപെട്ടതും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള 61.40 ആർ ഭൂമിയിൽ ഉൾപെട്ടുവരുന്നതുമായ ഭൂമിയിൽ നിന്ന് 16.20 ആർ ഭൂമി വിഴിഞ്ഞം ഫയർ സ്റ്റേഷൻ നിർമാണത്തിനായി രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ആഭ്യന്തരവകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.69/2025/RD തീയതി,തിരുവനന്തപുരം, 12-03-2025

---

പരാമർശം:-

1. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 26/07/2017ലെ എഫ്1-6128/2017 നമ്പർ കത്ത്.
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21/11/2017ലെ ഡി1-1788/15/സിഇ നമ്പർ കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 09/07/2021-ലെ എൽ.ആർ.കെ2-36388/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം തുറമുഖം ഉൾപ്പെടുന്ന പ്രദേശത്തിന്റെ വികസന സാധ്യത കണക്കിലെടുത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കേണ്ടത് അത്യാവശ്യമായതിനാൽ നിലവിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വക **40** സെന്റ് സ്ഥലം, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് വേണ്ടി സൗജന്യമായി വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ ജനറൽ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് പരാമർശം **1** പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള റീസർവ്വേ നമ്പർ **48/13** സ്ഥലത്താണ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നത്. ടി ഭാഗത്തു തന്നെ **40** സെൻറ് സ്ഥലം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് അനുവദിക്കാമെന്ന് പരാമർശം **2** പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

**2.** തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ **14** -ൽ റീസർവേ നമ്പർ **48 /13** -ൽ ഉൾപ്പെട്ട **16.20** ആർ ഭൂമി വിഴിഞ്ഞം ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ഫയർ **&** റെസ്ക്യു വകുപ്പിന് അനുവദിക്കുന്ന വിഷയത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുമതി നൽകിയിട്ടുള്ള

സാഹചര്യത്തിൽ പ്രസ്തുത ഭൂമി കൈമാറി നൽകാവുന്നതാണ് എന്ന് പരാമർശം 3 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവേ നമ്പർ 48/13-ൽ ഉൾപ്പെട്ടതും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള 61.40 ആർ ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതുമായ ഭൂമിയിൽ നിന്ന് 16.20 ആർ ഭൂമി വിഴിഞ്ഞം ഫയർ സ്റ്റേഷൻ നിർമാണത്തിനായി രണ്ടു സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി ആഭ്യന്തരവകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവാകുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവു ;
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;
iii. ഭൂമി പാട്ടത്തിന്/ ഉപപാട്ടത്തിന് /തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;
iv. ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ആഭ്യന്തര വകുപ്പ് സംരക്ഷിച്ചുനിർത്തേണ്ടതാണ് ;
v. ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യു അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;
vi. പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;
vii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലുമൊന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യു വകുപ്പിൽ പുനഃനിക്ഷിപ്തമാകുന്നതാണ്.

4. ഇക്കാര്യത്തിലുള്ള തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ആഭ്യന്തര (എഫ്) വകുപ്പ്.
മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്.

പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 12-03-2025 16:20:14

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ,യ്ക്ക്